**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1428** **30-08-2022 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര അതിഥി തൊഴിലാളികൾ കൊലപാതക കേസുകളിൽ പ്രതികൾ ആയിട്ടുണ്ട് എന്ന വിവരം തൊഴിൽ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ വിഷയത്തിൽ തൊഴിൽ വകുപ്പ് പരിശോധന നടത്തിയിട്ടില്ല. എന്നാൽ ആഭ്യന്തര വകുപ്പിന്റെ കണക്ക് പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് 118 കേസുകളിലായി 159 അതിഥി തൊഴിലാളികൾ കൊലപാതക കേസുകളിൽ പ്രതികളായിട്ടുണ്ട്. |
| (ബി) | അതിഥി തൊഴിലാളികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് എത്തുന്ന ഇത്തരം തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് എന്ന് വ്യക്തമാക്കുമോ; | (ബി) | അതിഥി തൊഴിലാളികളുടെ പേരും മറ്റു വിവരങ്ങളും പോലീസ് സ്റ്റേഷനുകളിലെ Migrant Labour Register -ൽ രേഖപ്പെടുത്തുകയും കൂടാതെ ടി ആളുകളുടെ മേൽ വിലാസങ്ങൾ, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ് വിവരങ്ങൾ ഡാറ്റാ ഷീറ്റിൽ രേഖപ്പെടുത്തി സ്റ്റേഷനുകളിൽ സൂക്ഷിച്ചും വരുന്നുണ്ട്. ടിയാളുകൾക്ക് ക്രിമിനൽ പശ്ചാത്തലം ഉണ്ടോ എന്നത് മനസ്സിലാക്കാൻ ICJS (Inter-operable Criminal Justice System) സംവിധാനം ഉപയോഗിച്ച് പരിശോധിച്ചു വരുന്നതാണ്. കൂടാതെ ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരും സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥരും അതിഥി തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങൾ സന്ദർശിച്ച് സ്ഥിതി വിവരങ്ങൾ നിരീക്ഷിച്ചു വരുന്നു. |
| (സി) | ;അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾക്കായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇവരുടെ ആധാർ ഉൾപ്പെടെയുള്ള തിരിച്ചറിയൽ രേഖകളുടെ ആധികാരികത ഉറപ്പാക്കിക്കൊണ്ട് മേൽവിലാസവും പശ്ചാത്തലവും സംബന്ധിച്ച് കൃത്യമായ വിവരശേഖരണത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. ടി പദ്ധതി പ്രകാരമുള്ള വിവര ശേഖരണം നടന്നു വരുന്നു. ആധാർ ഉൾപ്പെടെയുള്ള തിരിച്ചറിയൽ രേഖകളുടെ ആധികാരികത ഉറപ്പാക്കി കൊണ്ട് ആധാർ കാർഡിന്റെ മാതൃകയിൽ ചിപ്പ് അധിഷ്ഠിത തിരിച്ചറിയൽ കാർഡ്, സവിശേഷ |

| | | | |
|---|---|---|---|
| | | | തിരിച്ചറിയൽ നമ്പർ, ക്യൂആർ കോഡ് എന്നിവ പ്രസ്തുത കാർഡിൽ ഉണ്ടായിരിക്കും. |

സെക്ഷൻ ഓഫീസർ